ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/33562/2024-DED3 തീയതി: 15-10-2024

സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -വിവരാവകാശ നിയമപ്രകാരം അപേക്ഷകർക്ക് വിവരങ്ങൾ നൽകുന്നതിനുള്ള മാർഗ്ഗനിർദേശം- സംബന്ധിച്ച്

സൂചന: ബഹു.തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രിയുടെ തദ്ദേശ അദാലത്തിലെ തീരുമാനം

വിവരാവകാശ നിയമപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ നൽകുന്ന മറുപടിയിൽ അടിസ്ഥാനപരമായി നൽകേണ്ട വിവരങ്ങൾ നൽകുന്നില്ല എന്നും വിവരാവകാശ നിയമം 2005 വകുപ്പ് 4(1) പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ട വിവരങ്ങൾ പൂർണ്ണമായും സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നില്ല എന്നും പരാതി ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ വിവരാവകാശ നിയമം 2005 വകുപ്പ് 4(1) പ്രകാരം പ്രസിദ്ധീകരിക്കേണ്ട വിവരങ്ങൾ എല്ലാ പൊതു അധികാരികളും അവരുടെ പക്കൽ ലഭ്യമായ രേഖകളുടെ വിശദമായ/ ക്രോഡീകരിച്ച പട്ടിക തയ്യാറാക്കി അതാത് സ്ഥാപനങ്ങളുടെ ഔദ്യോഗിക വെബ്സൈറ്റിൽ സമയബന്ധിതമായി പ്രസിദ്ധീകരിക്കേണ്ടതും ആയതിൽ വീഴ്ചയുണ്ടാകാതിരിക്കുവാൻ അതീവ ശ്രദ്ധചെലുത്തേണ്ടതും വിവരാവകാശ അപേക്ഷയിൽ മറുപടി നൽകുമ്പോൾ ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

- വിവരാവകാശ നിയമപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതിനാൽ അപേക്ഷ കൈകാര്യം ചെയ്യുന്ന എല്ലാതലത്തിലും പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.
- വിവരാവകാശ നിയമപ്രകാരം അപേക്ഷകൾക്ക് നൽകുന്ന മറുപടിയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേര്, ഔദ്യോഗിക പദവി, ഔദ്യോഗിക ടെലിഫോൺ നമ്പർ, ഇ-മെയിൽ ഐ .ഡി, പെൻ നമ്പർ എന്നിവ ചേർക്കേണ്ടതാണ്.
- അപേക്ഷയിലെ തീയതി,പൊതു വിവരാധികാരിക്ക് അപേക്ഷ ലഭ്യമായ തീയതി എന്നിവ മറുപടികത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

- നിശ്ചിത ഫീസ് സഹിതമാണോ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് ഉറപ്പുവരുത്തേണ്ടതും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട അപേക്ഷകൻ ആണെങ്കിൽ ബന്ധപ്പെട്ട അധികാരികൾ നൽകിയ ബി.പി.എൽ. സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉണ്ടെന്ന് ഉറപ്പാക്കുക.
- വിവരാവകാശ നിയമത്തിലെ വകുപ്പ് 6(3) പ്രകാരം മറ്റൊരു പൊതു അധികാരസ്ഥാപനവുമായി ബന്ധപ്പെട്ട വിവരങ്ങളാണ് അപേക്ഷകൻ ആവശ്യപ്പെടുന്നതെങ്കിൽ അപേക്ഷ ലഭ്യമായി 5 ദിവസത്തിനുള്ളിൽ ടി പൊതു അധികാരസ്ഥാപനത്തിലെ പൊതു വിവരാധികാരിക്ക് അപേക്ഷ കൈമാറി നൽകേണ്ടതും ടി വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.
- സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടിയിന്മേൽ അതൃപ്തിയുള്ള പക്ഷം ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതും നൽകുന്ന മറുപടിയിൽ ഒന്നാം അപ്പീൽ സമർപ്പിക്കേണ്ട സമയപരിധി, ഒന്നാം അപ്പീൽ അധികാരിയുടെ ഔദ്യോഗിക പദവി,വിലാസം, ഔദ്യോഗിക ടെലിഫോൺ നമ്പർ, ഇ-മെയിൽ ഐ .ഡി എന്നിവ വ്യക്തമായി നൽകേണ്ടതാണ്.

അധികാര നിർവ്വഹണത്തിൽ സുതാര്യത ഉറപ്പാക്കിക്കൊണ്ട് കാലതാമസം,അഴിമതി,സ്വജനപക്ഷപാതം എന്നിവ ഇല്ലാതാക്കി കാര്യക്ഷമവും സംശുദ്ധവുമായ ഒരു ഭരണക്രമമാണ് ഈ നിയമത്തിലൂടെ വിഭാനം

ചെയ്യുന്നത്.ഈ ലക്ഷ്യം കൈവരിക്കുന്നതിനും വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ടവരെല്ലാം വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് ഇതിനാൽ നിർദേശിച്ചുകൊള്ളുന്നു.

.

വിശ്വസ്തതയോടെ,
Ajithkumar M P
ADDITIONAL DIRECTOR

<u>പകർപ്പ്</u>

1.ഈ കാര്യാലയത്തിലെ എല്ലാ ജൂനിയർ/സീനിയർ സൂപ്രണ്ടുമാർക്കും
2.എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3.എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
4.ഐ.ടി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5.കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 15-10-2024 18:02:42